ഗൾഫ് നാടുകളിലെ മലയാളികളായ സ്ത്രീ തടവുകാർ

25 [1702] *ശ്രീ. കെ. പി. രാജേന്ദ്രൻ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. എ. ഇ.-യിലെ വിവിധ ജയിലുകളിൽ കഴിയുന്ന മലയാളികളെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) വ്യാജ റിക്രൂട്ട്മെന്റ് ഏജൻസികൾ കൊണ്ടുപോകുന്ന ധാരാളം പേർ വിവിധ ജയിലുകളിൽ കഴിയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം റിക്രൂട്ടിംഗ് ഏജൻസികൾക്കെതിരെ നടപടി സ്വീകരിക്കുമോ;

(സി) വീടുകൾ, ആശുപത്രികൾ, ഷോപ്പിംഗ് സെന്ററുകൾ എന്നിവിടങ്ങളിൽ ജോലിക്കായി കൊണ്ടുപോകുന്ന സ്ത്രീകൾ കബളിപ്പിക്കപ്പെടുന്നതും പീഡിപ്പിക്കപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഗൾഫ് രാജ്യങ്ങളിലെ വിവിധ ജയിലുകളിൽ കിടക്കുന്ന മലയാളി സ്ത്രീകളെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ; ഇവരെ ജയിലുകളിൽ നിന്നും മോചിപ്പിക്കാനും നാട്ടിലെത്തിക്കാനും നടപടി സ്വീകരിക്കാമോ;

(ഇ) വിസയും, പാസ്പോർട്ടുമില്ലാതെ ധാരാളം സ്ത്രീകൾ ചതിക്കപ്പെട്ട് ഗൾഫ് രാജ്യങ്ങളിൽ അടിമപ്പണി ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) വിദേശങ്ങളിലേക്ക് പോകുന്നവരുടെ വിവരം ശേഖരിക്കാനും അവരുടെ തൊഴിലും സേവനകാര്യങ്ങളും ജീവിത സൗകര്യങ്ങളും ഉറപ്പുവരുത്തുന്നതിനും നോർക്ക വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. നിലവിലുള്ള എമിഗ്രേഷൻ നിയമത്തിലെ അപാകതകൾ പരിഹരിക്കുന്നതിനും, വ്യാജ റിക്രൂട്ട്മെന്റുകൾ തടയുന്നതിനും ആവശ്യമായ നിയമനിർമ്മാണം നടത്തുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ജസ്റ്റിസ് സുകുമാരൻ ചെയർമാനായി ഒരു കമ്മിറ്റി സംസ്ഥാന സർക്കാർ രൂപീകരിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റി സമർപ്പിച്ച നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് നിലവിലുള്ള എമിഗ്രേഷൻ നിയമങ്ങളിൽ വരുത്തേണ്ട ഭേദഗതികൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഭേദഗതികൾ അംഗീകരിച്ചു നടപ്പിലാക്കിയാൽ മാത്രമേ ഈ വിഷയത്തിൽ സംസ്ഥാന സർക്കാരിന് ഫലപ്രദമായി ഇടപെടാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്.

(ഡി) ഉണ്ട്. ഗൾഫ് രാജ്യങ്ങളിലെ വിവിധ ജയിലുകളിൽ കിടക്കുന്ന മലയാളി സ്ത്രീകളുടെ മോചനത്തിനായി അതാത് രാജ്യത്തെ നയതന്ത്ര കാര്യാലയ ങ്ങളുമായി ബന്ധപ്പെട്ട് നോർക്ക വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു.

(ഇ) ഉണ്ട്.

(എഫ്) വിദേശരാജ്യങ്ങളിലെ തൊഴിൽ സാഹചര്യങ്ങൾ സംബന്ധമായ വിവരങ്ങൾ അന്വേഷിക്കുന്നതിനും, ജോലി സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര വിദേശകാര്യമന്ത്രിക്ക് നൽകിയ നിവേദനത്തിൽ സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

കൊച്ചി നഗരത്തിലെ ട്രാഫിക് പ്രശ്നങ്ങൾ

26 [1705] *പ്രൊഫ. കെ. വി. തോമസ്*: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കൊച്ചി നഗരത്തിലെ ട്രാഫിക് പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പ്രശ്ന പരിഹാരത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശി ക്കുന്നത് എന്ന് വിശദമാക്കുമോ?

ഉത്തരം

ഉണ്ട്. പ്രശ്നങ്ങൾ പരിഹരിക്കുന്നതിലേക്ക്, കൊച്ചി നഗരത്തിലെ സഹോദരൻ അയ്യപ്പൻ റോഡിന്റെ വീതി കൂട്ടുന്ന നടപടികൾ കൊച്ചി കോർപ്പറേഷൻ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ വൈറ്റിലവഴി നഗരത്തിലേക്ക് പ്രവേശിക്കുന്ന ദീർഘദൂര ബസ് സർവ്വീസ് കടവന്ത്ര കലൂർ റോഡേ തിരിച്ചുവിട്ടും, തിരക്കുള്ള ഭാഗങ്ങളിൽ നോപാർക്കിംഗ് സമ്പ്രദായം വരുത്തിയും, തിരക്കുള്ള ജംഗ്ഷനിൽ 'ഫ്രീലിഫ്റ്റ്' സമ്പ്രദായം വരുത്തിയും, ജംഗ്ഷനുകളിൽ ഇലക്ട്രോണിക് സിഗ്നൽ സമ്പ്രദായം നട പ്പിലാക്കിയും തിരക്കനുസരിച്ച് ട്രാഫിക്ക് പോലീസിനെ നിയമിച്ചും മറ്റും പ്രശ്ന ങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

ആരാധനാലയങ്ങൾ നിർമ്മിക്കാൻ അനുമതി

27 [1707] *ശ്രീ. ടി. എൻ. പ്രതാപൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ആരാധനാലയങ്ങൾ പണിയുന്നതിന് ഉള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly